REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 08-06-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ പുതിയ NDA മന്ത്രിസഭ നാളെ വൈകിട്ട് അധികാരമേൽക്കും. പ്രധാനമന്ത്രിക്കും പുതിയ മന്ത്രിമാർക്കും രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും.
- കോൺഗ്രസ് പ്രവർത്തകസമിതിയോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. പാർലമെന്ററി പാർട്ടി യോഗം വൈകിട്ട്.
- സംസ്ഥാനത്ത് അതിശക്തമായ ഭരണ വിരുദ്ധ വികാരം ഉണ്ടായെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.
- ഹൈദരാബാദിലെ റാമോജി ഫിലിം സിറ്റി സ്ഥാപകൻ റാമോജി റാവു അന്തരിച്ചു.
- സംസ്ഥാനത്ത് ട്രോളിങ് നിരോധനം നാളെ അർദ്ധരാത്രി നിലവിൽ വരും.
- ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ അഫ്ഗാനിസ്ഥാൻ ന്യൂസിലാൻഡിനെയും, ബംഗ്ലാദേശ്, ശ്രീലങ്കയെയും പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

**നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ നാളെ വൈകിട്ട് അധികാരമേൽക്കും. രാഷ്ട്രപതി ഭവനിൽ വൈകിട്ട് 7.15 ന് നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രിക്കും പുതിയ മന്ത്രിമാർക്കും രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും.**

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

നാളെ വൈകിട്ട് രാഷ്ട്രപതി ഭവനിൽ നടക്കുന്ന നരേന്ദ്രമോദി ഗവൺമെന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ അയൽ രാജ്യങ്ങളിലെ രാഷ്ട്രത്തലവൻമാർ വിശിഷ്ടാതിഥികളായി പങ്കെടുക്കും. ശ്രീലങ്കൻ പ്രസിഡന്റ് റനിൽ വിക്രമസിംഗെ, മാലിദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു, സീഷെൽസ് വൈസ് പ്രസിഡന്റ് അഹമ്മദ് അഫീഫ്, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന എന്നിവർ ചടങ്ങിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ്, നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമൽ ദഹൽ പ്രചണ്ഡ, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ എന്നിവരും ചടങ്ങിൽ സംബന്ധിക്കും. ചടങ്ങിൽ പങ്കെടുക്കുന്ന നേതാക്കൾക്ക് രാഷ്ട്രപതി ദ്രൗപതി മുർമു രാഷ്ട്രപതി ഭവനിൽ വിരുന്നു നൽകും.

BJP അധ്യക്ഷൻ J.P നദ്ദയുടെ നേതൃത്വത്തിൽ NDA നേതാക്കൾ ഇന്നലെ രാഷ്ട്രപതിയെ കണ്ട് പുതിയ ഗവൺമെന്റ് രൂപീകരണത്തിന് അവകാശം ഉന്നയിക്കുകയും, നരേന്ദ്രമോദിയെ BJP പാർലമെന്ററി പാർട്ടി നേതാവായി തെരഞ്ഞെടുത്ത കത്തും, അദ്ദേഹത്തെ പിന്തുണയ്ക്കുന്ന NDA MP മാരുടെ കത്തുകളും രാഷ്ട്രപതിക്ക് കൈമാറുകയും ചെയ്തിരുന്നു.

ജനങ്ങളുടെ അഭിലാഷങ്ങൾക്കും പ്രതീക്ഷകൾക്കുമൊപ്പം പുതിയ ഗവൺമെന്റ് പ്രവർത്തിക്കുമെന്ന് നരേന്ദ്രമോദി ഉറപ്പ് നൽകി.

✪✪✪

വിപുലീകരിച്ച കോൺഗ്രസ് പ്രവർത്തകസമിതിയോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിലെ പാർട്ടിയുടെ പ്രകടനം യോഗം വിലയിരുത്തും.

പാർലമെന്ററി പാർട്ടി യോഗം വൈകിട്ട് ചേരും. യോഗത്തിൽ രാഹുൽ ഗാന്ധിയെ പ്രതിപക്ഷ നേതാവായി തെരഞ്ഞെടുക്കുന്ന കാര്യത്തിൽ

തീരുമാനമുണ്ടായേക്കും. നിരവധി പാർട്ടി നേതാക്കൾ രാഹുൽഗാന്ധി പ്രതിപക്ഷ നേതൃസ്ഥാനം ഏറ്റെടുക്കണമെന്ന് ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് അതിശക്തമായ ഭരണ വിരുദ്ധ വികാരം ഉണ്ടായെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. കണ്ണൂരിലടക്കം CPIM ന്റെ വോട്ട് കുറഞ്ഞെന്നും ഈ നിലയിൽ പോയാൽ ബംഗാളിലും ത്രിപുരയിലും നേരിടുന്ന ജീർണത CPIM കേരളത്തിലും നേരിടുമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. തൃശൂരിലെയും ആലത്തൂരിലെയും തോൽവികൾ കോൺഗ്രസ് പരിശോധിക്കുമെന്നും, സതീശൻ ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

ലോക്സഭ തെരഞ്ഞെടുപ്പ് തോൽവിയിലൂടെ കനത്ത ആഘാതം ജനങ്ങളിൽനിന്ന് കിട്ടിയിട്ടും പിണറായി വിജയൻ ധാർഷ്ട്യം മാറ്റിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു . ബിഷപ് മാർ കൂറിലോസിനെ വിവരദോഷി എന്ന് പറഞ്ഞത്, ഇതാണ് തെളിയിക്കുന്നതെന്നും സതീശൻ പറഞ്ഞു.

✪✪✪

കേന്ദ്രഗവൺമെന്റ് നൽകുന്ന നിർലോഭ സഹകരണവും പിന്തുണയും നേടിയിട്ട് പ്രോഗ്രസ് ഇല്ലാത്ത പ്രോഗ്രസ് റിപ്പോർട്ട് കാട്ടി മുഖ്യമന്ത്രി മേനി നടിക്കുകയാണെന്ന് ബി ജെപി നേതാവ് വി മുരളീധരൻ കുറ്റപ്പെടുത്തി. തിരഞ്ഞെടുപ്പിൽ വൻതോൽവി ഏറ്റുവാങ്ങിയിട്ടും ജനങ്ങൾ തന്നോടൊപ്പമാണെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന, എന്തു മാനസികാവസ്ഥയിലാണെന്ന് ചിന്തിക്കണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. തെറ്റ് ചൂണ്ടിക്കാട്ടുന്നവർക്കെതിരെ അസഹിഷ്ണുത കാട്ടുന്ന സമീപനമാണ് കൂറിലോസ് തിരുമേനിയ്ക്കെതിരെ നടത്തിയതെന്നും വി മുരളീധരൻ പറഞ്ഞു. കൂട്ടുകക്ഷി ഭരണത്തിന്റെ പേരിൽ ഏറ്റവും മികച്ച വിജയമാണ് ഇത്തവണ NDA യ്ക്ക് കിട്ടിയതെന്നും അദ്ദേഹം അവകാശപ്പെട്ടു.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പോടെ പ്രവർത്തനത്തിൽ സജീവമാകുമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് കെ.മുരളീധരൻ പറഞ്ഞു. ഉപതെരഞ്ഞെടുപ്പിലോ,

രാജ്യസഭാ സീറ്റുകളിലോ മത്സരിക്കാൻ ആലോചിക്കുന്നില്ലെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളോട് വ്യക്തമാക്കി. കെ.സുധാകരൻ KPCC പ്രസിഡന്റ് സ്ഥാനത്ത് തുടരണമെന്നാണ് തന്റെ അഭിപ്രായം. വടകരയിൽ നിന്ന് പോകേണ്ടിയിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. പരമ്പരാഗതമായ് പാർട്ടിക്ക് കിട്ടുന്ന വോട്ടുകളിൽ വന്ന വിള്ളലാണ് തൃശൂരിലെ തോൽവിക്ക് കാരണമെന്നും, അന്വേഷണ കമ്മിഷന്റെ ആവശ്യമില്ലെന്നും മുരളീധരൻ വ്യക്തമാക്കി.

✪✪✪

രാജ്യസഭാ സീറ്റിന്റെ കാര്യത്തിൽ വിട്ടുവീഴ്ച ഇല്ലെന്നും, സീറ്റ് ഒരു കാരണവശാലും വിട്ടു കൊടുക്കില്ലെന്നും സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം വ്യക്തമാക്കി. പാർട്ടിക്ക് അർഹമായ സീറ്റാണിതെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോടു പറഞ്ഞു. രാജ്യസഭാ സീറ്റ് സംബന്ധിച്ച് എൽഡിഎഫിൽ ധാരണ ആയില്ലെന്നും, ആശയപരമായ ഒരു ചർച്ച പൂർത്തിയായി എന്നും ബിനോയ് വിശ്വം അറിയിച്ചു. സീറ്റ് കിട്ടിയേ മതിയാകൂ. കേരള കോൺഗ്രസിന്റെ കാര്യം തനിക്ക് അറിയില്ലെന്നും അദ്ദേഹം പറഞ്ഞു .

✪✪✪

രാജ്യസഭാ സീറ്റ് വിഷയത്തിൽ മുന്നണി മാറേണ്ട ആവശ്യമില്ലെന്നും എടുത്ത രാഷ്ട്രീയ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നുവെന്നും കേരള കോൺഗ്രസ് എം നേതാവ് ജോസ് കെ മാണി പറഞ്ഞു. പരാജയം വന്നാൽ മുന്നണി മാറുകയെന്നതല്ല നിലപാടെന്നും, മുന്നണി വിടുന്നു എന്ന വാർത്ത വ്യാജമാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

യോഗാഭ്യാസത്തിന്റെ നേട്ടങ്ങൾക്കൊപ്പം പൊതു യോഗ പ്രോട്ടോക്കോളും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കേന്ദ്ര വാർത്ത വിതരണ മന്ത്രാലയം വിവിധ പരിപാടികൾ സംഘടിപ്പിക്കും. മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജുവും, ആയുഷ് സെക്രട്ടറി വൈദ്യ രാജേഷ് കൊടേച്ചയും ന്യൂഡൽഹിയിൽ ഈ വർഷത്തെ അന്താരാഷ്ട്ര യോഗാ

ദിനത്തോടനുബന്ധിച്ച പ്രവർത്തനങ്ങളുടെ ഒരുക്കങ്ങൾ അവലോകനം ചെയ്തു.

പൊതു പ്രക്ഷേപണ സ്ഥാപനമായ പ്രസാർ ഭാരതി, ദൂരദർശൻ ആകാശവാണി എന്നിവയിലൂടെ വ്യത്യസ്ത പരിപാടികൾ സംപ്രേഷണം ചെയ്യുകയും പ്രക്ഷേപണം ചെയ്യുകയും ചെയ്യും. പ്രത്യേക തത്സമയ പ്രഭാത ഷോകളും യോഗ വിദഗ്ധരുമായി പരിപാടികളും അഭിമുഖങ്ങളും ദൂരദർശൻ സംപ്രേഷണം ചെയ്യുമെന്ന് മന്ത്രാലയം അറിയിച്ചു. മൊറാർജി ദേശായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയുമായി സഹകരിച്ച്, യോഗയെ ഒരു ജീവിതരീതിയായി പ്രോത്സാഹിപ്പിക്കുന്നതിനും ജനങ്ങളുടെ മൊത്തത്തിലെ ആരോഗ്യത്തിനും വേണ്ടി പരിപാടികൾ, ആകാശവാണി പ്രക്ഷേപണം ചെയ്യും. ആയുഷ് മന്ത്രാലയം തയ്യാറാക്കിയ യോഗ ഗീത്, എല്ലാ മീഡിയ പ്ലാറ്റ്ഫോമുകളിലും പങ്കിടും.

പഞ്ചായത്തുകൾ, അംഗൻവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ഹർ അംഗൻ യോഗ സംരംഭത്തിന് കീഴിൽ രണ്ട് ലക്ഷത്തോളം സ്ഥലങ്ങളിൽ യോഗ സെഷനുകൾ സംഘടിപ്പിക്കും.

✪✪✪

ലഹരിവസ്തുക്കൾക്കെതിരെ ജനകീയ പ്രതിരോധം സൃഷ്ടിക്കുമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. എക്സൈസ് വകുപ്പിൽ വിവിധ ജില്ലകളിൽ നിയമനം ലഭിച്ച 135 സിവിൽ എക്സൈസ് ഓഫീസർമാരുടെയും ഒമ്പത് വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെയും പാസിങ് ഔട്ട് പരേഡിൽ തൃശൂരിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

വിദ്യാലയങ്ങൾക്ക് സമീപത്തെ കടകളിൽ ലഹരി വസ്തുക്കൾ വിൽക്കുന്നില്ലെന്ന് ഉറപ്പാക്കാൻ കർശന പരിശോധന നടത്തുമെന്നും മന്ത്രി പറഞ്ഞു. വിദ്യാലയ പരിസരങ്ങളിൽ തമ്പടിക്കുന്ന ഇത്തരം ശക്തികളെ നിരീക്ഷിക്കാനുള്ള സംവിധാനവും ഉണ്ടാകും. പോലീസ്, എക്സൈസ്, വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, വിദ്യാലയ അധികൃതർ,

തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ തുടങ്ങിയവരെ ഏകോപിപ്പിച്ച് സംഘടിത യജ്ഞമാണ് നടത്തുകയെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഹൈദരാബാദിലെ റാമോജി ഫിലിം സിറ്റി സ്ഥാപകൻ റാമോജി റാവു അന്തരിച്ചു. അദ്ദേഹത്തിന് 87 വയസ്സായിരുന്നു. ശ്വാസതടസത്തെ തുടർന്ന് ഹൈദരാബാദിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.1983ൽ സ്ഥാപിതമായ ചലച്ചിത്ര നിർമാണ കമ്പനിയായ ഉഷാകിരൺ മൂവീസിന്റെ സ്ഥാപകൻ കൂടിയാണ് അദ്ദേഹം. പത്രപ്രവർത്തനം, സാഹിത്യം, വിദ്യാഭ്യാസം എന്നിവയിൽ നൽകിയ സംഭാവനകൾക്ക് 2016ൽ പത്മവിഭൂഷൺ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു.

നാല് ഫിലിംഫെയർ അവാർഡുകളും ദേശീയ ചലച്ചിത്ര അവാർഡും നേടിയിട്ടുണ്ട്. രാമോജി റാവുവിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചിച്ചു. രാമോജി റാവുവിന്റെ വിയോഗത്തോടെ മാധ്യമ, വിനോദ മേഖലകളിലെ മഹാസാമ്രാജ്യം തന്നെയാണ് രാജ്യത്തിന് നഷ്ടമായതെന്ന് രാഷ്ട്രപതി സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു. റാവുവിന്റെ സമ്പന്നമായ സംഭാവനകൾ പത്രപ്രവർത്തനത്തിലും ചലച്ചിത്രലോകത്തും മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ടെന്ന് നിയുക്ത പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഡൽഹിയിലെ നരേല ഇൻഡസ്ട്രിയൽ ഏരിയയിലെ ഫാക്ടറിയിൽ പുലർച്ചെയുണ്ടായ വൻ തീപിടിത്തത്തിൽ മൂന്ന് പേർ മരിച്ചു. ആറ് പേർക്ക് ഗുരുതരമായി പരിക്കേറ്റു.

ഗ്യാസ് വിതരണം ചെയ്യുന്ന പൈപ്പ് ലൈനുകളിലൊന്നിൽ നിന്ന് വാതകം ചോർന്നതിനെ തുടർന്നാണ് തീപിടുത്തമുണ്ടായതെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തിയതായി ഉദ്യോഗസ്ഥർ അറിയിച്ചു .

✪✪✪

സംസ്ഥാനത്ത് ട്രോളിങ് നിരോധനം നാളെ അർദ്ധരാത്രി നിലവിൽ വരും. 52 ദിവസത്തെ നിരോധനം അടുത്തമാസം 31 ന് അവസാനിക്കും.ആഴക്കടലിൽ

മീൻ പിടുത്തത്തിന് പോയ യന്ത്രവത്കൃത ബോട്ടുകൾ മിക്കതും മീൻപിടുത്തം അവസാനിപ്പിച്ച് ഹാർബറിലെത്തി. ശേഷിക്കുന്നവ നാളെയോടെ തിരിച്ചെത്തും. നിരോധനകാലയളവിൽ ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളമേ അനുവദിക്കൂ. യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യബന്ധനം പൂർണമായും നിരോധിക്കും . ട്രോളിങ് കാലയളവിൽ ബോട്ടിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഗവൺമെന്റ് സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് ബലിപെരുന്നാൾ ഈ മാസം 17-നായിരിക്കുമെന്ന് വിവിധ ഖാസിമാരും കേരള ഹിലാൽ കമ്മിറ്റിയും അറിയിച്ചു. കാപ്പാട് കടപ്പുറത്ത് ദുൽഹജ്ജ് മാസപ്പിറവി കണ്ടതിന്റെ അടിസ്ഥാനത്തിലാണിത്.

✪✪✪

കണ്ണൂരിൽ നിന്ന് ഇന്നത്തെ ഹജ്ജ് വിമാനം ഉച്ചകഴിഞ്ഞ് 3.40 ന് പുറപ്പെടും. മൂന്ന് സർവീസുകളാണ് കണ്ണൂരിൽ നിന്ന് ഇനി ശേഷിക്കുന്നത്.

ഇതുവരെ 2,165 പേർ കണ്ണൂർ വിമാനത്താവളം വഴി ഹജ്ജ് തീർത്ഥാടനത്തിന് പുറപ്പെട്ടു.

✪✪✪

ടി20 ലോകകപ്പ് ക്രിക്കറ്റിൽ വീണ്ടും വമ്പൻ അട്ടിമറി. കിരീട പ്രതീക്ഷയോടെ മത്സരിക്കുന്ന ന്യൂസിലൻഡിനെ 84 റൺസിന്റെ കൂറ്റൻ സ്കോറിനാണ് അഫ്ഗാനിസ്ഥാൻ ഇന്ന് തോൽപ്പിച്ചത് . ആദ്യം ബാറ്റ് ചെയ്ത അഫ്ഗാനിസ്ഥാൻ 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 159 റൺസടിച്ചപ്പോൾ ന്യൂസിലൻഡ് 15.2 ഓവറിൽ 75 റൺസിന് ഓൾ ഔട്ടായി.

മറ്റൊരു മത്സരത്തിൽ ബംഗ്ലാദേശ്, ശ്രീലങ്കയെ രണ്ട് വിക്കറ്റിന് തോൽപ്പിച്ചു. ഇന്നലെ ഗ്രൂപ്പ് എ യിൽ, കാനഡ അയർലൻഡിനെ 12 റൺസിന് പരാജയപ്പെടുത്തി.

ഇന്ന് രാത്രി നെതർലൻഡ്സ്, ദക്ഷിണാഫ്രിക്കയെയും, ഓസ്ട്രേലിയ, ഇംഗ്ലണ്ടിനെയും നേരിടും.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നീസിൽ വനിതാ സിംഗിൾസ് ഫൈനലിൽ ഇന്ന് പോളണ്ടിന്റെ ഇഗസ്വിടെക്ക്, ഇറ്റലിയുടെ ജാസ്മിൻ പൗളിനിയെ നേരിടും.

ഇന്നലെ റോളണ്ട് ഗാരോസ് പുരുഷ സിംഗിൾസ് സെമിയിൽ, സ്പെയിനിന്റെ കാർലോസ് അൽകാരസ് ഗാർഫിയ, ഇറ്റലിയുടെ ജാനിക് സിന്നറിനെ പരാജയപ്പെടുത്തി. ഫൈനലിൽ അൽകാരാസ് നാളെ ജർമനിയുടെ അലക്സാണ്ടർ സ്വെരേവിനെ നേരിടും.

✪✪✪

FIH ഹോക്കി പ്രീമിയർ ലീഗിൽ ഇന്ത്യൻ ടീം ഇന്ന് ജർമ്മനിയെ നേരിടും. നാളെ ആതിഥേയരായ ഇംഗ്ലണ്ടുമായാണ് ഇന്ത്യയുടെ മൽസരം.

✪✪✪

ഉപഭോക്താക്കളിൽ നിന്ന് സ്വീകരിച്ച സെക്യൂരിറ്റി നിക്ഷേപത്തിന് 6.75 ശതമാനം നിരക്കിൽ പലിശ നൽകുമെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചു. എല്ലാ ഉപഭോക്താക്കൾക്കും മെയ്- ജൂൺ- ജൂലൈ മാസങ്ങളിലെ ബില്ലിൽ കുറവ് ചെയ്തു നൽകും. ബാക്കി തുക മാത്രമാണ് അടയ്ക്കേണ്ട തുകയായി ബില്ലിൽ കാണിക്കുകയെന്ന് വൈദ്യുതി ബോർഡ് അറിയിച്ചു.

✪✪✪

സ്വർണ്ണവിലയിൽ വൻ ഇടിവ് . പവന് 1520 രൂപ കുറഞ്ഞ് 52,560 രൂപയിലെത്തി. ഗ്രാമിന് 190 രൂപ കുറഞ്ഞ് 6,570 രൂപയായി. സംസ്ഥാന ചരിത്രത്തിൽ ആദ്യമായാണ് സ്വർണ വില ഒരു ദിവസം വില ഇത്രയും കുറയുന്നത്.

✪✪✪